# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് അമ്പത്

## ഏഴു കലശങ്ങൾ

## (2)

Wed ഏഴു കലശങ്ങൾ ഒഴിക്കുന്ന കാര്യം ചിന്തിക്കുന്നതിനുമുമ്പ് സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെയും ആലയത്തിലുള്ള ദൈവത്തെയും സംബന്ധിച്ച് അല്പംകൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള നമ്മിൽ അനേകർ ഉൾപ്പെടെ മിക്ക ക്രിസ്ത്യാനികളും സിംഹാസനത്തിലിരിക്കുന്ന ദൈവമായി മാത്രമേ ദൈവത്തെ അറിയുന്നുള്ളൂ. ആലയത്തിലിരിക്കുന്ന ദൈവമെന്ന നിലയിൽ അവർ അല്പംമാത്രമേ ദൈവത്തെ അറിയുന്നുള്ളൂ. സിംഹാസനത്തിൽ ഇരിക്കുന്ന ഒരുവനായി ദൈവത്തെ അറിയുന്നത് എളുപ്പമാണ്, കാരണം അത് നമ്മുടെ സ്വാഭാവിക ധാരണയോട് ചേർന്നുവരുന്നു. എന്നാൽ, ആലയത്തിൽ ഇരിക്കുന്ന ദൈവമായി ദൈവത്തെ അറിയുന്നതിന് നമുക്ക് സ്വർഗീയദർശനം ഉണ്ടായിരിക്കണം.

വേദപുസ്തകത്തിൽ ദൈവത്തെ ഒന്നാമതായി സിംഹാസനത്തിലിരിക്കുന്ന ദൈവമായാണ് വെളിപ്പെടുത്തിയിരിക്കുന്നത്. പഴയനിയമത്തിലുടനീളം, ദൈവം സിംഹാസനത്തിലിരിക്കുന്ന ശക്തനായവനാണെന്ന് ദൈവജനം ക്രമേണ തിരിച്ചറിഞ്ഞു. ദൈവത്തിന്റെ സിംഹാസനം ആധിപത്യത്തിനു വേണ്ടിയാണ്. ഒടുവിൽ, വേദപുസ്തകത്തിലെ വെളിപാട് നമ്മെ ദൈവഭരണത്തിന്റെ സിംഹാസനത്തിൽനിന്നും ദൈവവാവിഷ്കാരത്തിന്റെ ആലയത്തിലേക്ക് നയിക്കുന്നു. പഴയനിയമത്തിൽ നാം ദൈവത്തെ അവന്റെ ആലയത്തിൽ കാണുന്നു. പുതിയനിയമത്തിൽ നാം ദൈവത്തെ സഭ എന്ന അവന്റെ ആലയമായ അവന്റെ ഭവനത്തിൽ കാണുന്നു. ആത്യന്തികമായി വേദപുസ്തകത്തിന്റെ പരിസമാപ്തിയായ വെളിപ്പാട് പുസ്തകത്തിൽ സിംഹാസനവും ആലയവും സംയോജിച്ചിരിക്കുന്നു (167:17). വെളിപ്പാടിൽ നാം ദൈവത്തെ പുതിയ യെരൂശലേമിൽ സിംഹാസനത്തിൽ കാണുന്നു (22:1).

മിക്ക ക്രിസ്ത്യാനികൾക്കും ഇന്ന് ദൈവത്തെ സിംഹാസനത്തിൽ ഇരിക്കുന്നവനായി മാത്രമേ അറിയാവൂ. അവരുടെ പ്രാർഥനകളിലും സ്തുതികളിലും അവർ സിംഹാസനത്തിൽ ഇരിക്കുന്ന ഒരുവനായി ദൈവത്തെക്കുറിച്ച് ബോധമുള്ളവരാണ്. ലോകം വെള്ളംകൊണ്ടു നിറഞ്ഞാലും ദൈവം അപ്പോഴും സിംഹാസനത്തിൽ ഇരിക്കുമെന്ന് അവർ ഉറപ്പുള്ളവരാണ്. സിംഹാസനത്തിലിരിക്കുന്ന ദൈവത്തെ ലാക്കാക്കിയുള്ള പ്രാർഥനകൾ നാം പലപ്പോഴും കേൾക്കുകയും, ദൈവം സിംഹാസനത്തിൽ ഇരിക്കുന്നതിനെ സംബന്ധിച്ച പാട്ടുകൾ നമുക്കുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിലും, ദൈവം സിംഹാസനത്തിൽ മാത്രമല്ല, ആലയത്തിലുമാണ് എന്നു പറയുന്ന ഒരു പാട്ട് കണ്ടെത്തുവാൻ പ്രയാസമാണ്. വളരെ കുറച്ചു ക്രിസ്ത്യാനികൾക്കു മാത്രമേ ആലയത്തിൽ ഇരിക്കുന്ന ഒരുവനായ ദൈവത്തിന്റെ ദർശനം ഉള്ളൂ.

തന്റെ ഭരണനിർവഹണത്തിന് ദൈവം സിംഹാസനത്തിലാണ്, എന്നാൽ തന്റെ ആവിഷ്കാരത്തിന് അവൻ ആലയത്തിലാണ്. ദൈവത്തിന്റെ നിത്യോദ്ദേശ്യം സിംഹാസനത്തിലായിരിക്കുക എന്നതല്ല—ആലയത്തിലായിരിക്കുക എന്നതാണ്. ദൈവസിംഹാസനം, നിത്യതമുതൽ നിത്യതവരെ, നിത്യമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് (സങ്കീ. 45:6), അത് പണിയപ്പെടേണ്ട ആവശ്യമില്ല. എന്നാൽ, ദൈവത്തിന്റെ ആലയത്തിന് വളരെയധികം നിർമ്മാണവേല ഉണ്ട്. ദൈവത്തിന്റെ ആഗ്രഹം കേവലം സിംഹാസനത്തിലായിരിക്കുന്നതല്ല. കഴിഞ്ഞകാല നിത്യതമുതൽ അവൻ സിംഹാസനത്തിലാണ്. ദൈവം ഒരു ആലയം, ഒരു ആവിഷ്കാരം, ആഗ്രഹിക്കുന്നു. ദൈവം സിംഹാസനത്തിലുള്ള ശക്തനായവനാണെന്ന് എല്ലാ ക്രിസ്ത്യാനികൾക്കും അറിയാമെങ്കിലും, തന്റെ ആവിഷ്കാരത്തിനുവേണ്ടി ദൈവത്തിന് ഒരു ആലയം, ഒരു സഭ, ഒരു കെട്ടിടം ആവശ്യമാണെന്ന് അനേകരും മനസ്സിലാക്കുന്നില്ല. അങ്ങനെ, ഈ രാജ്യത്തിൽ പതിന്നാലു വർഷത്തിലധികമായി ഈ വിഷയത്തെ സംബന്ധിച്ച് നാം കാഹളം മുഴക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ, നമ്മുടെ ഇടയിൽപോലും, അനേകരും തങ്ങളുടെ സ്തുതികളിൽ ദൈവം ആലയത്തിൽ ഇരിക്കുന്നതിനെക്കുറിച്ച് സംസാരിക്കാറില്ല. മറിച്ച്, സിംഹാസനത്തിൽ ഇരിക്കുന്ന ഒരുവനായി അവർ ദൈവത്തെ സ്തുതിക്കുന്നു. ആലയം ഉണ്ടായിരിക്കണമെന്ന ദൈവത്തിന്റെ ആഗ്രഹത്തെ തിരിച്ചറിഞ്ഞുകൊണ്ടുള്ള രീതിയിൽ നിങ്ങൾ എപ്പോഴെങ്കിലും ദൈവത്തെ സ്തുതിച്ചിട്ടുണ്ടോ?

മുഴുവൻ വേദപുസ്തകവും ഒന്നാമത് ദൈവത്തെ സിംഹാസനത്തിലുള്ളവനായി വെളിപ്പെടുത്തുന്നു എന്ന് ആവർത്തിച്ചുപറയട്ടെ. ക്രമേണ ഒരു ആലയം ഉണ്ടായിരിക്കണമെന്നുള്ള ദൈവത്തിന്റെ ആഗ്രഹത്തെ അതു വെളിപ്പെടുത്തുന്നു. ആത്യന്തികവും

പരിണതിപ്രാപിച്ചതുമായ ആലയം പുതിയ യെരൂശലേം ആയിരിക്കും. ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, പുതിയ യെരൂശലേം ദൈവത്തിന്റെ ആലയം മാത്രമല്ല, അത് അതിവിശുദ്ധസ്ഥലവും ആയിരിക്കും. പുതിയ യെരൂശലേമിലിൽ നിത്യതയോളം ദൈവം കുഞ്ഞാടിൽ സിംഹാസനത്തിലായിരിക്കും. അവൻ നിത്യതയോളം തന്റെ പൂർണ്ണ ആവിഷ്കാരത്തോടുകൂടെ അവന്റെ ആധിപത്യമുള്ളവനായി തന്റെ ആലയത്തിൽ സിംഹാസനത്തിലിരിക്കുന്ന ദൈവമായിരിക്കും. ഇന്ന് ദൈവം ചെയ്യുകൊണ്ടിരിക്കുന്നതെല്ലാം ഇതിനുവേണ്ടിയാണ്. ഇക്കാരണത്താലാണ് നാം വ്യക്തിപരമായ രക്ഷയ്ക്കുവേണ്ടിയല്ല, പിന്നെയോ സംഘാതമായ സഭയുടെ കെട്ടുപണിക്കു വേണ്ടിയാണെന്ന് നാം പറയുന്നത്. ഈ ആലയം ഉണ്ടായിരിക്കുന്നതാണ് ദൈവത്തിന്റെ ആഗ്രഹമെന്ന് ഞാൻ വീണ്ടും പറയുന്നു. ദൈവത്തിന്റെ സിംഹാസനം അവന്റെ ആലയത്തിനു വേണ്ടിയാണ്; അതായത്, അവന്റെ ഭരണനിർവഹണം അവന്റെ ആവിഷ്കാരത്തിനു വേണ്ടിയാണ്. ആത്യന്തികമായി പുതിയ യെരൂശലേമിൽ മുഴുവൻ നഗരത്തിനും എത്തിച്ചുകൊടുക്കേണ്ടതിന് ദൈവത്തിന്റെ സിംഹാസനത്തിൽനിന്നും ജീവജലനദി ഒഴുകും. അതുകൊണ്ട്, പുതിയ യെരൂശലേം സിംഹാസനത്തിൽനിന്നും ഒഴുകുന്ന ദൈവത്തിന്റെ പരിണതിയായിരിക്കും.

## III. ഏഴു കലശങ്ങൾ ഒഴിക്കുന്നത്

### A. ഒന്നാമത്തെ കലശം

വെളിപ്പാട് 16:2 പറയുന്നു, "ഒന്നാമത്തവൻ പോയി ഭൂമിയിലേക്ക് തന്റെ കലശം ഒഴിച്ചു; മൃഗത്തിന്റെ അടയാളമുള്ളവരും അവന്റെ പ്രതിമയെ ആരാധിക്കുന്നവരുമായ മനുഷ്യരുടെമേൽ ദുഷിച്ചതും മാരകവുമായ വ്രണം ഉണ്ടായി." അവർ മൃഗത്തിന്റെ അടയാളം വഹിക്കുന്നതുകൊണ്ട്, തന്റെ അവസാനത്തെ കോപത്തിൽ ദൈവം മത്സരികളായവരുടെ ത്വക്കിന്മേൽ ഒരു വ്രണംകൊണ്ട് അവരെ അടയാളപ്പെടുത്തും. ഈ അടയാളം ഒരു മാരകമായ അർബ്ബുദം പോലെയായിരിക്കും. ആ സമയത്ത് ദൈവം ഇങ്ങനെ പറയുമായിരിക്കും, "നിങ്ങൾ എന്റെ ശത്രുവായ മൃഗത്തിന്റെ അടയാളം വഹിക്കുന്നതുകൊണ്ട്, ഞാൻ നിങ്ങളുടെമേൽ ഒരു അടയാളം വയ്ക്കും." ഈ വ്രണം അമേരിക്കക്കാരുടെമേൽ വരുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല, എന്നാൽ എതിർക്രിസ്തുവിന്റെ പേരോ അവന്റെ പേരിന്റെ സംഖ്യയോ ഉള്ളവരായ എതിർക്രിസ്തുവിൻകീഴിലുള്ള റോമാസാമ്രാജ്യത്തിലെ പൗരന്മാരുടെമേൽ വരും.

### B. രണ്ടാമത്തെ കലശം

വാക്യം 3 പറയുന്നു, "രണ്ടാമത്തവൻ തന്റെ കലശം

സമുദ്രത്തിലേക്ക് ഒഴിച്ചു, അത് മരിച്ചവന്റെ രക്തംപോലെ ആയിത്തീർന്നു: സമുദ്രത്തിലെ ജീവനുള്ള സകല ദേഹിയും ചത്തുപോയി." ഇതിൽ എല്ലാ സമുദ്രങ്ങളും ഉൾപ്പെടുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഒരുപക്ഷേ അത് മുഖ്യമായും എതിർക്രിസ്തുവിന്റെ സാമ്രാജ്യത്താൽ വലയംചെയ്യരിക്കുന്ന മെഡിറ്ററേനിയൻ സമുദ്രമായിരിക്കും.

## C. മൂന്നാമത്തെ കലശം

4 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ നമുക്ക് മൂന്നാമത്തെ കലശം ഒഴിക്കുന്ന കാര്യമുണ്ട്. വാക്യം 4 പറയുന്നു, "മൂന്നാമത്തെ ദൂതൻ തന്റെ കലശം നദികളിലേക്കും നീരുറവകളിലേക്കും ഒഴിച്ചു, അവ രക്തമായിത്തീർന്നു." വാക്യം 5 "ജലത്തിന്മേൽ അധികാരമുള്ള ദൂതനെ"ക്കുറിച്ചു പറയുന്നു. ദൈവത്തിന്റെ ഭരണനിർവഹണത്തിൽ ജലത്തെ നിയന്ത്രിക്കുവാൻ ഒരു ദൂതനെ നിയമിച്ചിട്ടുണ്ട്. "ഉള്ളവനും ഉണ്ടായിരുന്നവനുമായ, പരിശുദ്ധനായ നീ ഈ കാര്യങ്ങളെ ന്യായംവിധിച്ചതിനാൽ, നീതിമാനാകുന്നു; എന്തെന്നാൽ അവർ വിശുദ്ധന്മാരുടെയും പ്രവാചകന്മാരുടെയും രക്തം ഒഴുക്കിക്കളഞ്ഞു, നീയോ അവർക്ക് രക്തം കുടിക്കുവാൻ നൽകിയിരിക്കുന്നു; അവർ അതിന് യോഗ്യരാകുന്നു" എന്നു പറഞ്ഞുകൊണ്ട് ഈ ദൂതൻ ദൈവത്തെ സ്തുതിക്കുന്നു (വാ. 5-6). "വരുന്നവൻ" എന്ന് 1:8-ലും 4:8-ലും പറയുന്നതുപോലെ, ഇവിടെയും 11:17-ലും പറയുന്നില്ല. കർത്താവിന്റെ മടങ്ങിവരവ് 4:8-നെ തുടർന്നും 11:17-നു മുമ്പും ആയിരിക്കണമെന്ന് ഇതു തെളിയിക്കുന്നു.

ഭൂമിയിൽ വസിക്കുന്ന എല്ലാവർക്കും രക്തം കുടിക്കുവാൻ നല്കേണ്ടതിന് അർഹത ഉണ്ടായിരിക്കുകയില്ല, കാരണം അവരെല്ലാവരും വിശുദ്ധന്മാരുടെ രക്തം ഒഴുക്കിക്കളഞ്ഞിട്ടില്ല. അമേരിക്കക്കാർ വിശുദ്ധന്മാരുടെ രക്തം ഒഴുക്കിക്കളഞ്ഞിട്ടുണ്ടെങ്കിൽ, അവർ രക്തം കുടിക്കുവാൻ അർഹരാണ്. എന്നാൽ ഇങ്ങനെയുള്ള ഒരു കാര്യം അമേരിക്കയിൽ സംഭവിക്കുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്. ഞാൻ വിശ്വസിക്കുന്നത് മുഖ്യമായും എതിർക്രിസ്തുവിന്റെ മേഖലയിലായിരിക്കും ജലം രക്തമായിത്തീരുന്നത് എന്നാണ്.

നാം മുന്നോട്ടുപോകുന്നതിനുമുമ്പ്, എതിർക്രിസ്തുവിന്റെ സാമ്രാജ്യത്തിന്റെ വ്യാപ്തിയെ സംബന്ധിച്ച് ഒരു വാക്ക് എനിക്ക് ഇടയിൽച്ചേർക്കേണ്ടത് ആവശ്യമാണ്. ഈ വിഷയത്തിൽ ലൂക്കൊസ് 2:1 സഹായകരമാണ്. "ആൾപാർപ്പുള്ള സർവഭൂമിയിലെയും ജനസംഖ്യാ കണക്കെടുക്കുവാൻ" ഔഗുസ്തൊസ് കൈസരിൽനിന്നും ഒരു ആജ്ഞ പുറപ്പെട്ടതായി ഈ വാക്യം പറയുന്നു. "ആൾപാർപ്പുള്ള സർവഭൂമിയിൽ" തീർച്ചയായും

പുരാതന ചൈന ഉൾപ്പെട്ടിരുന്നില്ല; അതിൽ അമേരിക്കയും ഉൾപ്പെട്ടിരുന്നില്ല; ആ സമയം അമേരിക്ക ആദിവാസികളാൽ അധിവസിക്കപ്പെട്ടതായിരുന്നു. നാം വേദപുസ്തകത്തെ അതിന്റെ പശ്ചാത്തലത്തോടും അത് എഴുതപ്പെട്ട പരിതസ്ഥിതികളോടുംകൂടെ മനസ്സിലാക്കണം. പശ്ചാത്തലമനുസരിച്ച് ലൂക്കൊസ് 2:1-ലെ "ആൾപാർപ്പുള്ള സർവഭൂമി" എന്നത് റോമാസാമ്രാജ്യം എന്ന ലോകത്തെ പരാമർശിക്കുന്നു. സർവഭൂമിയിലുമുള്ള എല്ലാ സ്ഥലത്തെയും ഇത് അർഥമാക്കുന്നതായി എടുക്കരുത്. ഏഴു കലശങ്ങളാൽ ശിക്ഷിക്കപ്പെടുന്ന ഭൂവാസികൾ മുഖ്യമായും എതിർക്രിസ്തുവിന്റെ മേഖലയിൽ വസിക്കുന്നവരാണ്.

വാക്യം 7 പറയുന്നു, "യാഗപീഠവും, അതേ സർവശക്തനായ ദൈവമായ കർത്താവേ, നിന്റെ ന്യായവിധികൾ സത്യവും നീതിയുമുള്ളവ എന്ന് പറയുന്നത് ഞാൻ കേട്ടു." എതിർക്രിസ്തുവിന്റെ മേഖലയുടെമേലുള്ള ദൈവത്തിന്റെ ന്യായവിധികളെ സംബന്ധിച്ച് യാഗപീഠത്തിൽനിന്നുള്ള സ്തുതിയാണിത്; അത് സ്വഭാവത്തിൽ സത്യവും തത്ത്വത്തിൽ നീതിയുള്ളതും ആണ്.

## D. നാലാമത്തെ കലശം

വാക്യം 8-ഉം 9-ഉം പറയുന്നു, "നാലാമത്തവൻ തന്റെ കലശം സൂര്യന്റെമേൽ ഒഴിച്ചു; തീകൊണ്ട് മനുഷ്യരെ പൊള്ളിക്കുവാൻ അതിന് അധികാരം കൊടുത്തു. വലിയ ചൂടിനാൽ മനുഷ്യർ പൊള്ളലേറ്റു, ഈ ബാധകളുടെമേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ അവർ ദുഷിച്ചു, അവന് മഹത്വം കൊടുക്കുവാൻ തക്കവണ്ണം അവർ മാനസാന്തരപ്പെട്ടതുമില്ല." വലിയ ചൂടിനാൽ പൊള്ളലേറ്റവരും, ദൈവനാമത്തെ ദുഷിച്ചവരും, മാനസാന്തരപ്പെടുവാൻ വിസമ്മതിച്ചവരുമായ മനുഷ്യർ മുഖ്യമായും ദൈവജനത്തെ ഉപദ്രവിക്കുവാനും ദൈവത്തോടു മത്സരിക്കുവാനും എതിർക്രിസ്തുവിനെ അനുഗമിച്ച റോമാസാമ്രാജ്യത്തിലെ പൗരന്മാരായിരിക്കണം.

## E. അഞ്ചാമത്തെ കലശം

വാക്യം 10-ഉം 11-ഉം പറയുന്നു, "അഞ്ചാമത്തവൻ തന്റെ കലശം മൃഗത്തിന്റെ സിംഹാസനത്തിന്മേൽ ഒഴിച്ചു; അവന്റെ രാജ്യം ഇരുണ്ടുപോയി; അവർ വേദനകൊണ്ട് തങ്ങളുടെ നാവു കടിച്ചു, തങ്ങളുടെ വേദനകൾക്കും വ്രണങ്ങൾക്കുമായി സ്വർഗത്തിലെ ദൈവത്തെ ദുഷിച്ചു; തങ്ങളുടെ പ്രവൃത്തികളിൽനിന്ന് അവർ മാനസാന്തരപ്പെട്ടതുമില്ല." ഇവിടെ നാം വായിക്കുന്നത് അഞ്ചാമത്തെ കലശം മൃഗത്തിന്റെ സിംഹാസനത്തിന്മേൽ ഒഴിച്ചു എന്നാണ്. ഏഴു കലശങ്ങൾ മൃഗത്തെയും, അവന്റെ രാജ്യത്തെയും, അവന്റെ മേഖലയെയും ന്യായംവിധിക്കുന്നതിനു വേണ്ടിയാണെന്ന്

ഇതു സൂചിപ്പിക്കുന്നു. ഫറവോന്റെയും മിസ്രയീമിന്റെയുംമേൽ മോശെയിലൂടെ ദൈവം ചെയ്ത പ്രവൃത്തികളോട് ഇതിനെ താരതമ്യം ചെയ്യുവാൻ കഴിയും. മിസ്രയീംദേശം ഇരുണ്ടുപോയപ്പോൾ, സർവഭൂമിയും ഇരുണ്ടുപോയില്ല. മൃഗത്തിന്റെ രാജ്യം ഇരുണ്ടുപോകുന്നത് മിസ്രയീംദേശം ഇരുണ്ടുപോയതുപോലെ തന്നെയായിരിക്കും. എതിർക്രിസ്തുവിന്റെ രാജ്യത്തിലുള്ളവർ അവരുടെ നാവുകൾ കടിക്കുകയും, ദൈവത്തെ ദുഷിക്കുകയും, മാനസാന്തരപ്പെടുവാൻ വിസമ്മതിക്കുകയും ചെയ്യും.

## F. ആറാമത്തെ കലശം

തുടർന്ന് വാക്യം 12 പറയുന്നു, "ആറാമത്തവൻ തന്റെ കലശം യൂഫ്രാത്തേസ് മഹാനദിയുടെമേൽ ഒഴിച്ചു; സൂര്യോദയത്തിൽനിന്നുള്ള രാജാക്കന്മാരുടെ വഴി ഒരുക്കേണ്ടതിന് അതിലെ വെള്ളം വറ്റിപ്പോയി." രണ്ടാം കലശത്തിന്റെ ബാധ രണ്ടാം കാഹളത്തിന്റേതിനെക്കാൾ കൂടുതൽ തീവ്രവും (8:8-9), മൂന്നാം കലശത്തിന്റെ ബാധ മൂന്നാം കാഹളത്തിന്റേതിനെക്കാൾ അധികവും (8:10-11), നാലാം കലശത്തിന്റെ ബാധ നാലാം കാഹളത്തിന്റേതിനെക്കാൾ അധികവും (8:12) ആണ്. എതിർക്രിസ്തുവിന്റെ സിംഹാസനത്തിന്മേലും അവന്റെ രാജ്യത്തിന്മേലുമുള്ള ന്യായവിധിയായ അഞ്ചാം കലശത്തിന്റെ ബാധ ഭൂതഗ്രസ്തരായ വെട്ടുക്കിളികളുടെ രാജാവായ എതിർക്രിസ്തു മനുഷ്യരെ ദണ്ഡിപ്പിക്കുന്നതായ അഞ്ചാമത്തെ കാഹളത്തോട് ബന്ധപ്പെട്ടിരിക്കുന്നു (9:3-11); ആറാമത്തെ കലശത്തിന്റെ ബാധ ആറാമത്തെ കാഹളത്തോട് ബന്ധപ്പെട്ടിരിക്കുന്നു (9:14), കാരണം രണ്ടിന്റെയും ബാധകൾ യൂഫ്രാത്തേസ് എന്ന ഒരേ നദിയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. രാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും ഇളക്കേണ്ടതിന് യൂഫ്രാത്തേസ് എന്ന മഹാനദിയുടെ തീരത്ത് ബന്ധിച്ചിരിക്കുന്ന നാലു ദൂതന്മാരെ അഴിച്ചുവിടുമെന്ന് 9:14-15-ൽ നാം വായിക്കുന്നു; ആറാമത്തെ കലശം ഒഴിക്കുമ്പോൾ ഈ രാജാക്കന്മാരും അവരുടെ സൈന്യങ്ങളും യൂഫ്രാത്തേസ് നദിയെ കടന്നുപോകേണ്ടതിന് അതിലെ വെള്ളം വറ്റിപ്പോകുമെന്ന് 16:12-ൽ നമ്മോടു പറയുന്നു. ഇക്കാരണത്താൽ, ആറാമത്തെ കാഹളവും ആറാമത്തെ കലശവും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു.

## G. ആറാമത്തെയും ഏഴാമത്തെയും കലശങ്ങൾക്കിടയിൽ ഒരു ദർശനം ഇടയിൽച്ചേർത്തിരിക്കുന്നു

**13 മുതൽ 16 വരെയുള്ള വാക്യങ്ങൾ ആറാമത്തെയും ഏഴാമത്തെയും കലശങ്ങൾക്കിടയിൽ കൂട്ടിച്ചേർക്കപ്പെട്ട ഒരു ദർശനമാണ്. ഈ ദർശനം ഹർമ്മഗെദ്ദോനിൽ കൂട്ടിവരുത്തുന്നതിനെക്കുറിച്ചാണ്.**

## *1. വ്യാളിയുടെയും, മൃഗത്തിന്റെയും, കള്ളപ്രവാചകന്റെയും വായിൽനിന്ന് തവളകളെപ്പോലെ മൂന്ന് അശുദ്ധാത്മാക്കൾ*

വാക്യം 13-ഉം 14-ഉം പറയുന്നു, "വ്യാളിയുടെ വായിൽനിന്നും മൃഗത്തിന്റെ വായിൽനിന്നും കള്ളപ്രവാചകന്റെ വായിൽനിന്നും തവളകളെപ്പോലെ മൂന്ന് അശുദ്ധാത്മാക്കളെ ഞാൻ കണ്ടു: അവ സർവശക്തനായ ദൈവത്തിന്റെ മഹാദിനത്തിലെ യുദ്ധത്തിന് ആൾപ്പാർപ്പുള്ള സർവഭൂമിയിലെയും രാജാക്കന്മാരെ കൂട്ടിവരുത്തുവാൻ അടയാളങ്ങൾ ചെയ്തുകൊണ്ട് അവരുടെ അടുക്കൽ പുറപ്പെട്ടുപോകുന്ന ഭൂതാത്മാക്കൾ ആകുന്നു." ഈ അശുദ്ധാത്മാക്കൾ തവളകളെപ്പോലെയാണ്. ആത്മാക്കളെന്ന നിലയിൽ, അവ സ്വർലോകങ്ങളിൽ ആയിരിക്കണം, എന്നാൽ തവളകളെന്ന നിലയിൽ അവയ്ക്ക് ഭൂമിയിൽ മാത്രമേ ചലിക്കുവാൻ കഴിയൂ. ആ സമയം സാത്താനും പ്രവർത്തിക്കുന്നതിനുള്ള അവന്റെ ശക്തിയും ഭൂമിയിൽ പരിമിതപ്പെട്ടിരിക്കും. അവന് ഇനിമേൽ ആകാശത്തിൽ ആസൂത്രണംചെയ്യുവാനുള്ള അവകാശം ഉണ്ടായിരിക്കുകയില്ല. തന്മൂലം, അവനെ അനുഗമിക്കുന്ന ആത്മാക്കൾ തവളകളെപ്പോലെ ആയിരിക്കും.

അവ ചെയ്യുന്ന അടയാളങ്ങൾ മുഖാന്തരം ഈ ഭൂതാത്മാക്കൾ യുദ്ധത്തിനുവേണ്ടി ആൾപ്പാർപ്പുള്ള ഭൂമിയുടെ രാജാക്കന്മാരെ ഒരുമിച്ചു കൂട്ടിവരുത്തും. വാക്യം 16 അനുസരിച്ച് "അവർ എബ്രായഭാഷയിൽ ഹർമ്മഗെദ്ദോൻ എന്ന് വിളിക്കപ്പെടുന്ന സ്ഥലത്തേക്ക് അവരെ കൂട്ടിവരുത്തി." 9:14-16-ൽ പറഞ്ഞിരിക്കുന്ന ഇരുപതു കോടി അശ്വാരൂഢർ ഉൾപ്പെടെ ആൾപ്പാർപ്പുള്ള സർവഭൂമിയിലെയും ഭരണാധികാരികളെ ഇളക്കിവിട്ട് അവരുടെ സൈന്യങ്ങളെ ഹർമ്മഗെദ്ദോനിലെ യുദ്ധത്തിലേക്ക് കൂട്ടിവരുത്തേണ്ടതിന് മഹോപദ്രവത്തിന്റെ അന്ത്യത്തിൽ സാത്താന്റെയും, എതിർക്രിസ്തുവിന്റെയും, കള്ളപ്രവാചകന്റെയും വായിൽനിന്ന്, മൂന്ന് അശുദ്ധാത്മാക്കൾ പുറപ്പെടും; അതായിരിക്കും സഹസ്രാബ്ദത്തിനുമുമ്പ് മനുഷ്യരുടെ ഇടയിൽ നടക്കുന്ന അവസാനത്തെ യുദ്ധം. ആ യുദ്ധത്തിൽ സാത്താന്റെ ഉദ്ദേശ്യം യിസ്രായേലിനെ നശിപ്പിക്കുന്നതും (സെഖ. 14:12), ക്രിസ്തുവിനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യുന്നതും ആയിരിക്കും. ഇതിനുവേണ്ടി അവൻ മത്സരികളായ സകല മനുഷ്യവർഗത്തെയും ഉപയോഗിക്കും (17:12-14; 19:11-19). ക്രിസ്തുവും അവന്റെ തിരഞ്ഞെടുക്കപ്പെട്ട ജയാളികളും അവരെയെല്ലാം തോല്പിക്കുകയും നശിപ്പിക്കുകയും (19:20-21; സെഖ. 14:3, 12-15; 12:4, 9), യിസ്രായേൽ രാഷ്ട്രത്തെ രക്ഷിക്കുകയും ചെയ്യും (സെഖ. 12:3-8; 14:4-5; യോവേ. 3:14-17). ഇതാണ് 14:17-20-ലും, യെശയ്യാവ് 63:1-6-ലും, യോവേൽ 3:9-14-ഉം രേഖപ്പെടുത്തിയിരിക്കുന്ന മുന്തിരിച്ചക്കിന്റെ മെതിക്കൽ.

പടിഞ്ഞാറുനിന്നും (റോമാസാമ്രാജ്യം), വടക്കുനിന്നും (റഷ്യ), കിഴക്കുനിന്നുമുള്ള ("സൂര്യോദയത്തിൽനിന്നുള്ള") സൈന്യങ്ങൾ ഹർമ്മഗെദ്ദോനിൽ കൂട്ടിച്ചേർക്കപ്പെടും. ഗോഗെന്നും മാഗോഗെന്നും വിളിക്കപ്പെടുന്ന റഷ്യ അവിടെ ഉണ്ടായിരിക്കുമെന്ന് യെഹെസ്കേൽ 38-ഉം 39-ഉം തെളിയിക്കുന്നു. ഇരുപതു കോടി അശ്വാരൂഢരുടെ സൈന്യം കിഴക്കുനിന്നും ഉണ്ടായിരിക്കുമെന്ന് വെളിപ്പാട് 9-ഉം ചൂണ്ടിക്കാണിക്കുന്നു. പടിഞ്ഞാറുനിന്നും, വടക്കുനിന്നും, കിഴക്കുനിന്നും ഉള്ള സൈന്യങ്ങൾ ഹർമ്മഗെദ്ദോനിൽ കൂട്ടിച്ചേർക്കപ്പെടുമെങ്കിലും, ഐക്യനാടുകളിൽനിന്നുള്ള സൈന്യം അവിടെ ഉണ്ടായിരിക്കുമെന്ന യാതൊരു സൂചനയും ഇല്ല. യിസ്രായേലിന് അനുകൂലമായ കുറച്ചു രാജ്യങ്ങളിൽ ഒന്നായിരിക്കുവാൻ ദൈവം സർവാധികാരപരമായി ഐക്യനാടുകളെ ക്രമീകരിച്ചിരിക്കുന്നു. ദൈവത്തിന്റെ സർവാധികാരത്തെക്കൂടാതെ, ശത്രുരാജ്യങ്ങളാൽ വലയംചെയ്യപ്പെട്ട ഒരു രാജ്യമായ യിസ്രായേലിന് എങ്ങനെ അതിജീവിക്കുവാൻ കഴിയുമായിരുന്നു? യിസ്രായേൽ എന്ന ചെറിയ രാഷ്ട്രത്തെ നശിപ്പിക്കുവാൻ സകല ലോകശക്തികളും ഒരുക്കപ്പെടുമെങ്കിലും, ഐക്യനാടുകൾ അതിൽ ഉൾപ്പെടുകയില്ല. വേദപുസ്തകത്തെ സ്വാഭാവികമായ ഒരു രീതിയിൽ മനസ്സിലാക്കാതെ, വചനത്തിലേക്കും ഇന്നത്തെ ലോക സാഹചര്യത്തിലേക്കുമുള്ള ഉൾക്കാഴ്ചയോടുകൂടെ, പ്രകാശനത്തിന്റെ രീതിയിൽ മനസ്സിലാക്കണമെന്ന് ഞാൻ പിന്നെയും നിങ്ങളോട് ആവശ്യപ്പെടുന്നു.

### *2. കർത്താവിന്റെ മുന്നറിയിപ്പ്*

ആറാമത്തെയും ഏഴാമത്തെയും കലശങ്ങൾക്കിടയിൽ അവന്റെ വരവിനെ സംബന്ധിച്ച ഒരു മുന്നറിയിപ്പ് കർത്താവു പുറപ്പെടുവിക്കുന്നു. വാക്യം 15 പറയുന്നു, "ഇതാ, ഞാൻ കള്ളനെപ്പോലെ വരുന്നു. താൻ നഗ്നനായി നടക്കാതെയും തന്റെ ലജ്ജ അവർ കാണാതെയും ഇരിക്കേണ്ടതിന്, ഉണർന്നും തന്റെ വസ്ത്രം സൂക്ഷിച്ചും കൊള്ളുന്നവൻ അനുഗൃഹീതൻ." സന്ദർഭമനുസരിച്ച് ഈ വചനം ഹർമ്മഗെദ്ദോനിലെ യുദ്ധത്തിനുമുമ്പ് മഹോപദ്രവത്തിന്റെ അവസാനത്തിൽ കർത്താവു സംസാരിച്ചതാണ്. ആ സമയം അപ്പോഴും കുറെ വിശ്വാസികൾ—കാലാ—ഭൂമിയിൽ ശേഷിക്കുമെന്ന് ഇതു തെളിയിക്കുന്നു. അവർക്ക് കർത്താവിന്റെ മടങ്ങിവരവിലുള്ള അവന്റെ പ്രത്യക്ഷത, ഒരു കള്ളനെപ്പോലെ, അവർക്കറിയാത്ത സമയത്തായിരിക്കും. കൊയ്ത്തിനുശേഷം ഭൂമിയിൽ അപ്പോഴും വിശ്വാസികൾ ഉണ്ടായിരിക്കുമെന്നതിനുള്ള ശക്തമായ ഒരു തെളിവാണിത്.

## H. ഏഴാമത്തെ കലശം

**ഏഴാമത്തെ കലശം അന്തരീക്ഷത്തിൽ ഒഴിക്കുമ്പോൾ**

"ദൈവാലയത്തിലെ സിംഹാസനത്തിൽനിന്ന്" ഒരു മഹാശബ്ദം "നിവർത്തിയായി" എന്നു പറയും (വാ. 17). ന്യായവിധിക്കു വേണ്ടിയും ദൈവത്തിന്റെ സാക്ഷ്യമായ ദൈവത്തിന്റെ ആവിഷ്കാരത്തിനു വേണ്ടിയും, സകലവും നിറവേറിയിരിക്കുന്നു എന്ന് ഇത് അർഥമാക്കുന്നു. ഈ വാക്ക് സംസാരിച്ചു തീർന്ന ഉടനെ മിന്നലും, നാദവും, ഇടിമുഴക്കവും, ലോകം അതുവരെ കണ്ടിട്ടില്ലാത്ത വലിയ ഭൂകമ്പവും ഉണ്ടായി (വാ. 18). 11:19-ലേതുപോലുള്ള ഈ ഭൂകമ്പം യെരൂശലേം എന്ന വലിയ നഗരത്തെ മൂന്നു ഭാഗങ്ങളായി പിരിയുവാനും, രാഷ്ട്രങ്ങളുടെ നഗരങ്ങൾ വീണുപോകുവാനും ഇടയാക്കും (വാ. 19). യെരൂശലേം പുരാതന സൊദോംപോലെ ദുഷ്ടത നിറഞ്ഞതായിത്തീരും എന്നതുകൊണ്ട്, ദൈവം ഈ ഭൂകമ്പം മുഖാന്തരം അതിനെ ന്യായംവിധിക്കും.

"ദൈവക്രോധത്തിന്റെ കോപവീഞ്ഞുള്ള പാനപാത്രം മഹതിയാം ബാബിലോനിനു കൊടുക്കുവാൻ അവളെ ദൈവമുമ്പാകെ ഓർത്തു" എന്നും വാക്യം 19 പറയുന്നു. 14:8-ലെ മതപരമായ, മാർമികബാബിലോൺ മഹോപദ്രവത്തിന്റെ ആരംഭത്തിൽ നശിപ്പിക്കപ്പെട്ടു; അതുകൊണ്ട്, ഇവിടെ പറയുന്ന മഹാബാബിലോൺ മഹോപദ്രവത്തിന്റെ അവസാനത്തിൽ ഹർമ്മഗെദ്ദോനിലെ യുദ്ധത്തിനു ശേഷമോ, യുദ്ധസമയത്തോ, അതിനു മുമ്പോ നശിപ്പിക്കപ്പെടുന്ന റോമാനഗരം എന്ന ഭൗമിക ബാബിലോൺ ആയിരിക്കണം. 14:8-ലെ ബാബിലോൺ പതിനേഴാം അധ്യായത്തിലുള്ളതിനോട് യോജിക്കുന്നു, എന്നാൽ ഈ വാക്യത്തിലെ ബാബിലോൺ പതിനെട്ടാം അധ്യായത്തിലുള്ളതിനോട് യോജിക്കുന്നു. രണ്ടു ബാബിലോണുകളുടെ രേഖാചിത്രങ്ങൾ 14:8-ലും 16:19-ലും രേഖപ്പെടുത്തിയിരിക്കുന്നു, വിശദാംശങ്ങൾ പതിനേഴും പതിനെട്ടും അധ്യായങ്ങളിൽ നല്കിയിരിക്കുന്നു.

ദൈവം അവൾക്ക് "ദൈവക്രോധത്തിന്റെ കോപവീഞ്ഞുള്ള പാനപാത്രം" കൊടുക്കുമെന്ന് വാക്യം 19 പറയുന്നു. റോം അവളുടെ പരസംഗത്തിന്റെ കോപവീഞ്ഞ് രാഷ്ട്രങ്ങളുടെ ഇടയിലുള്ള വിശ്വസ്തരായ വിശുദ്ധന്മാർക്കു കൊടുത്തു (18:3). ഇപ്പോൾ ദൈവം തന്റെ പ്രതികാരത്തിൽ അവന്റെ ക്രോധത്തിന്റെ കോപവീഞ്ഞ് അവൾക്കു കൊടുക്കുന്നു.

വാക്യം 20 പറയുന്നു, "സകലദ്വീപും ഓടിപ്പോയി; മലകളെ കണ്ടെത്തിയതുമില്ല." "ഓരോ കല്ലും ഏകദേശം ഒരു താലന്തു ഭാരം വരുന്ന (ഏകദേശം നൂറു പൗണ്ട്, അഥവാ 45 കിലോ) വലിയൊരു കൽമഴ ആകാശത്തുനിന്നു മനുഷ്യരുടെമേൽ പെയ്തു: കൽമഴയുടെ ബാധ അത്യന്തം വലുതായതുകൊണ്ട്, അതു നിമിത്തം മനുഷ്യർ ദൈവത്തെ ദുഷിച്ചു" എന്നു പറഞ്ഞുകൊണ്ട് വാക്യം 21 അവസാനിക്കുന്നു. ഈ കൽമഴ അമേരിക്കയിലെ

ജനത്തിന്മേൽ വീഴുകയില്ലെന്ന് ഞാൻ ഒരിക്കൽകൂടെ പറയുന്നു. അത് മൃഗത്തിന്റെ സാമ്രാജ്യത്തിലെ പൗരന്മാരുടെ മേലായിരിക്കും മുഖ്യമായും വീഴുന്നത്. ഈ വലിയ കൽമഴ പെയ്യുന്നതിനിടയിൽ, എതിർക്രിസ്തുവിന്റെ സാമ്രാജ്യത്തിലുള്ളവർ ദൈവത്തെ ദുഷിക്കുന്നത് തുടർന്നുകൊണ്ടിരിക്കും. അവർക്ക് മാനസാന്തരപ്പെടുവാൻ യാതൊരു ഉദ്ദേശ്യവും ഇല്ലെന്ന് ഇതു തെളിയിക്കുന്നു. മറിച്ച്, അവർ അന്ത്യത്തോളം ദൈവത്തോടു പോരാടും.